# ഗ്രാമന്യായാലയ കോടതി, പെരിനാട്

## ഹാജർ : ശ്രീമതി. ആരതി എം ആർ, ന്യായാധികാരി

### 2026-ാം ആണ്ട് ഏപ്രിൽ മാസം 22-ാം തീയതി

## ST No. 498/2017

| | | |
|---|---|---|
| പരാതിക്കാരൻ | : | സർക്കാരിനെ പ്രതിനിധീകരിച്ച് കുണ്ടറ പോലീസ് സബ്ബ് ഇൻസ്പെക്ടർ<br>ക്രൈം നമ്പർ. 895/2014<br>(അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ പെരിനാട് മുഖേന) |
| പ്രതി | : | കരുണാകരൻ, വയസ്സ് 52,<br>നറോടി താഴെ വീട്, എണ്ണക്കാട് വില്ലേജ്,<br>മാവേലിക്കര, ആലപ്പുഴ<br>(അഡ്വക്കേറ്റ്: എസ് രാജേന്ദ്രൻ മുഖേന) |
| അന്തിമ ഉത്തരവ് | : | കുറ്റക്കാരനല്ല. |
| ശിക്ഷാവിധി | : | ക്രിമിനൽ നടപടി നിയമം 255(1) വകുപ്പ് പ്രകാരം പ്രതിയെ കുറ്റവിമുക്തനാക്കുന്നു. |

ഈ കേസ് 22.04.2026 ന് കോടതിയിൽ വിചാരണക്ക് വരുകയും അതിൻ പ്രകാരം ഇന്നേ ദിവസം കോടതി ചുവടെ പറയുന്ന വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു.

<u>വിധിന്യായം</u>

കുറ്റാരോപിതന്റെ മേൽ കുണ്ടറ പോലീസ് സ്റ്റേഷൻ 895/2014-ാം നമ്പർ കുറ്റകൃത്യ പ്രകാരം ഗാർഹിക പീഢനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം, 2005,ൽ 31-ാം വകുപ്പ് അനുസരിച്ച് ശിക്ഷ ലഭിക്കാവുന്ന കുറ്റം ചെയ്തതായി ആരോപിച്ചിരിക്കുന്നു.

2. **പ്രോസിക്യൂഷൻ കേസ് ചുരുക്കത്തിൽ:-** പ്രതി ഒന്നാം സാക്ഷിയെ 10.05.1987-ൽ വിവാഹം കഴിച്ച ഭാര്യ ഭർത്താക്കന്മാരായി കഴിഞ്ഞുവരവെ ഒന്നാം സാക്ഷിയെ ദേഹോപദ്രവം ഏൽപ്പിച്ചും പീഡിപ്പിച്ചും ഒന്നാം സാക്ഷിയെയും മക്കളെയും പ്രതിയുടെ മാവേലിക്കരയിലുള്ള വീട്ടിൽ നിന്നും ഇറക്കിവിട്ടും ഗാർഹിക പീഢനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 31-ാം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിരിക്കുന്നു.

3. ഈ കേസിൽ ഒന്നാം സാക്ഷിയായി രേഖപ്പെടുത്തിയിട്ടുള്ള ആവലാതിക്കാരി കോടതിയിൽ ഹാജരായി. ഒന്നാം സാക്ഷി, പ്രതി കരുണാകരൻ തന്റെ ഭർത്താവായിരുന്നുവെന്നും താനും ഭർത്താവും തമ്മിൽ കൊല്ലം ഫാമിലി കോടതിയിൽ കേസ് നിലവിലുണ്ടായിരുന്നുവെന്നും തനിക്ക് പ്രൊട്ടക്ഷൻ അനുവദിച്ചുകൊണ്ട് ഫാമിലി കോടതിയിൽ നിന്നും ഉത്തരവുണ്ടായിരുന്നുവെന്നും ടി ഉത്തരവ് പ്രതി വയലേറ്റ് ചെയ്തുവെന്ന് കാണിച്ചുകൊണ്ട് താൻ കുണ്ടറ പോലീസിൽ Ext.P1 FIS നൽകിയിരുന്നുവെന്നും ഫാമിലി കോടതിയിൽ കേസ് ഒത്തുതീർപ്പായതിനെ തുടർന്ന് എല്ലാ ക്രിമിനൽ കേസുകളും പിൻവലിക്കണമെന്ന് തീരുമാനം എടുത്തിട്ടുള്ളതാണെന്നും  ആ കരാർ പ്രകാരം ഇവിടെ നിലവിലുള്ള കേസും തുടർന്ന് നടത്താൻ താല്പര്യമില്ലായെന്നും പ്രതിക്കെതിരെ പരാതി ഒന്നുമില്ലായെന്നും മൊഴി നൽകി.

4. കേസ് കാര്യങ്ങൾ ഒത്തുതീർപ്പായെന്ന് ആവലാതിക്കാരി കോടതിയെ ബോധിപ്പിച്ചു. കേസു കാര്യങ്ങൾ ഒത്തുതീർപ്പായെന്നത് ഈ കോടതിക്ക് മനസ്സിലായി. ആയതിനാൽ പ്രതിയെ ഗാർഹിക പീഢനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 31-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന് കുറ്റക്കാരനല്ലായെന്ന് കണ്ടെത്തുകയും, പ്രതിയെ ക്രിമിനൽ നടപടി നിയമം വകുപ്പ് 255(1) പ്രകാരം പ്രസ്തുത കുറ്റത്തിൽ നിന്ന് കുറ്റവിമുക്തനാക്കുകയും ചെയ്യുന്നു.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് പറഞ്ഞ് കൊടുത്തതുപ്രകാരം ടിയാൾ എഴുതി, തെറ്റുകൾ തിരുത്തുകയും തുറന്ന കോടതിയിൽ ഇന്നേദിവസം 22 -ാം തീയതി ഏപ്രിൽ മാസം, രണ്ടായിരത്തി ഇരുപത്തിയാറാമാണ്ട് ഞാൻ ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

**ന്യായാധികാരി**

**പെരിനാട്**

//ശരി പകർപ്പ്//